KOCHI
BIENNALE
FOUNDATION

*പത്രക്കുറിപ്പ്* *12.12.2017*

**കൊച്ചി ബിനാലെയുടെ കേളികൊട്ട് ഉയരുന്നു,**
**ആദ്യ ആർട്ടിസ്റ്റ് നീലിമ ശെയ്ഖ്**

കൊച്ചി: സമകാലീന കലയിലൂടെ സാമൂഹിക ഇടപെടൽ സജീവമാക്കിയ നീലിമ ശെയ്ഖ് കൊച്ചി-മുസിരിസ് ബിനാലെ നാലാം ലക്കത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പിച്ച ആദ്യ ആർട്ടിസ്റ്റായി. അനിത ദൂബെ ക്യൂറേറ്റ് ചെയ്യുന്ന ബിനാലെ നാലാം ലക്കം 2018 ഡിസംബറിലാണ് തുടങ്ങുന്നത്.

കഴിഞ്ഞ അഞ്ച് ദശകങ്ങളായി ഇന്ത്യയിലെയും വിദേശത്തെയും സമകാലീന കലാരംഗത്ത് പ്രവർത്തിക്കുന്ന നീലിമ ശെയ്ഖ് ഗുജറാത്തിലെ ബറോഡ സ്വദേശിയാണ്. സ്ത്രീപക്ഷ അനുഭവങ്ങൾ കലാസൃഷ്ടികളായി മാറുന്ന അവരുടെ സൃഷ്ടികൾ കിഴക്കൻ സമ്പ്രദായത്തിലുള്ളവയാണ്. നാടൻപാട്ടു മുതൽ രവീന്ദ്രനാഥ ടാഗോറിന്റെ രചനകൾ വരെ സ്വാധീനം ചെലുത്തിയ സൃഷ്ടികൾ തുടക്കത്തിൽ ചുവർചിത്രങ്ങളും കയ്യെഴുത്തു പ്രതികളും അധികരിച്ചുള്ളവയായിരുന്നു.

അനുകമ്പ നിറഞ്ഞവയാണ് നീലിമയുടെ ചിത്രങ്ങളെന്ന് ബിനാലെ ക്യൂറേറ്റർ അനിത ദൂബെപറഞ്ഞു.നമ്മുടെ സംസ്കാരത്തിലെ അന്തർലീനമായ അലയടികളെ പ്രൗഢമായ സ്ത്രീത്വത്തിലൂടെ നീലിമ വീക്ഷിക്കുന്നു. ഇന്നത്തെ കലുഷിതമായ അന്തരീക്ഷത്തിൽ ശ്രദ്ധിക്കേണ്ട ശബ്ദമാണ് അവരുടേതെന്നും ദൂബെ ചൂണ്ടിക്കാട്ടി.

കൊച്ചി-മുസിരിസ് ബിനാലെ നാലാം ലക്കം തുടങ്ങാൻ കൃത്യം ഒരു വർഷം മാത്രം ബാക്കി നിൽക്കുന്ന ഈ ദിവസം തന്നെ അതിൽ പങ്കെടുക്കുന്ന ആദ്യ ആർട്ടിസ്റ്റിന്റെ പേര് പ്രഖ്യാപിക്കാൻ കഴിയുന്നത് ആവേശം പകരുന്ന കാര്യമാണെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി പറഞ്ഞു. ക്യൂറേറ്റർ അനിത ദൂബെയുടെ കാഴ്ചപ്പാടുകളുടെ പ്രതിഫലനമാണ് നീലിമ ഷെയ്ഖിന്റെ പ്രഖ്യാപനത്തിലൂടെ രംഗത്തു വരുന്നത്. രാഷ്ട്രീയ-സാമൂഹ്യ പ്രസക്തമായ സൗന്ദര്യബോധം ബിനാലെ നാലാം ലക്കത്തിൽ കൊണ്ടു വരാനുള്ള ദൂബെയുടെ തീരുമാനമാണ് ഇതിലൂടെ കാണുന്നതെന്നും ബോസ് കൂട്ടിച്ചേർത്തു.

ചിത്രങ്ങൾക്കൊപ്പം അതിന്റെ കാവ്യാത്മകമായ വിവരണംകൂടി നൽകുന്നതിലൂടെയാണ് ശേയ്ഖ് വ്യത്യസ്തയാകുന്നത്. ഇത്തരം വിവരണങ്ങളെ കോർത്തിണക്കി 1993-ൽ വിവാൾഡി തിയേറ്ററിൽ ഉമ്രാവോ എന്ന നാടകവും പുറത്തിറങ്ങിയിരുന്നു.

എന്നാൽ കഴിഞ്ഞ രണ്ട് ദശകങ്ങളായി ജമ്മു-കശ്മീർ നേരിടുന്ന പ്രശ്നങ്ങളാണ് ശേയ്ഖിന്റെ പ്രമേയങ്ങളിൽ അധികവും. ചരിത്രപണ്ഡിത കൂടിയായ അവർ കശ്മീർ പ്രശ്നത്തെ തികച്ചും വ്യത്യസ്തമായാണ് വീക്ഷിക്കുന്നത്. കശമീരികളെ ഇന്ത്യാക്കാരായി കണ്ട് മനസിലാക്കാൻ കഴിയാതെ പോയതാണ് അവിടുത്തെ പ്രശ്നങ്ങൾക്ക് മൂലകാരണമെന്ന് സമർഥിക്കുകയാണ് ശേയ്ഖ്.

*1/1903, Kunnumpuram, Fort Kochi, Kerala -682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*

KOCHI
BIENNALE
FOUNDATION

കഴിഞ്ഞ മൂന്ന് ലക്കങ്ങളായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിച്ചു വരുന്ന കൊച്ചി-മുസിരിസ് ബിനാലെ, പ്രമേയങ്ങളുടെ വൈവിധ്യവും സൃഷ്ടികളുടെ മികവും കൊണ്ട് അന്താരാഷ്ട്ര പ്രാധാന്യം കൈവരിച്ചു കഴിഞ്ഞു

**കൊച്ചി ബിനാലെ ഫൗണ്ടേഷൻ:**

ഇന്ത്യൻ സമകാലീന കലയിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളായ ബോസ് കൃഷ്ണമാചാരി, റിയാസ് കോമു എന്നിവർ ചേർന്നാണ് 2010 ൽ കൊച്ചി ബിനാലെ ഫൗണ്ടേഷൻ സ്ഥാപിച്ചത്. ആദ്യ ബിനാലെ 2012-ലായിരുന്നു. കല, സംസ്കാരം, വിജ്ഞാനമേഖല എന്നിവയെ പരിപോഷിപ്പിക്കുന്നത് ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ലാഭേതര സ്ഥാപനമാണ് ഈ ഫൗണ്ടേഷൻ. സമകാലീന കലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കലയെ ജനങ്ങളിലേക്കെത്തിക്കുന്നതിനും വേണ്ടി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. പ്രഭാഷണങ്ങൾ, സമ്മേളനങ്ങൾ, പ്രദർശനങ്ങൾ വൈജ്ഞാനിക ഇടപെടലുകൾ, പരിശീലന കളരികൾ തുടങ്ങി ജനങ്ങളുമായി സംവദിക്കുന്ന നിരവധി പരിപാടികൾ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്നുണ്ട്.

പൈതൃക കെട്ടിടങ്ങളും സ്മാരകങ്ങളും സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിലും ഫൗണ്ടേഷൻ സജീവമാണ്. കലാ-സാംസ്കാരിക രംഗത്തെ ഏറ്റവും പ്രാധാന്യമുള്ള ഉത്സവമായി ബിനാലെ മാറിക്കഴിഞ്ഞു. 2016 ഡിസംബർ 12 മുതൽ 2017 മാർച്ച് 29 വരെ നടന്ന ബിനാലെ മൂന്നാം ലക്കത്തിൽ 31 രാജ്യങ്ങളിൽ നിന്നായി 97 ആർട്ടിസ്റ്റുകൾ 12 ഇടങ്ങളിലായി തങ്ങളുടെ സൃഷ്ടികൾ പ്രദർശിപ്പിച്ചു. ആറു ലക്ഷം പേരാണ് ബിനാലെ മൂന്നാം ലക്കം കാണാനെത്തിയത്.

2018 ഡിസംബർ 12 ന് തുടക്കമാകുന്ന ബിനാലെ നാലാം ലക്കത്തിൽ വിഖ്യാത ആർട്ടിസ്റ്റ് അനിത ദുബെയാണ് ക്യൂറേറ്റർ. കലാകാരന്മാർ തന്നെ ക്യൂറേറ്റ് ചെയ്യുന്ന ബിനാലെയെന്ന പതിവ് തെറ്റിക്കാതെയായിരുന്നു അനിത ദുബെയുടെ തെരഞ്ഞെടുപ്പ്. ഡൽഹി സ്വദേശിയായ അനിത, വർത്തമാനകാല പ്രസക്തവും രാഷ്ട്രീയ പ്രസരമുള്ളതുമായ സൃഷ്ടികളിലൂടെ പ്രശസ്തയാണ്. കലാചരിത്ര പണ്ഡിതയും വിമർശകയുമായ അനിത ദൃശ്യകലയിലാണ് തന്റെ പ്രവർത്തനമണ്ഡലം കണ്ടെത്തിയത്. അമേരിക്ക, യൂറോപ്പ്, ഏഷ്യ വൻകരകളിൽ നിരവധി പ്രദർശനങ്ങൾ നടത്തിയ അനിത 2012ൽ നടന്ന ആദ്യ ബിനാലെയിൽ ആർട്ടിസ്റ്റായും പങ്കെടുത്തിട്ടുണ്ട്.

1/1903, Kunnumpuram, Fort Kochi, Kerala -682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org